**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 952** **11-02-2025 - ൽ മറുപടിയ്ക്ക്**

**മനുഷ്യ വന്യമൃഗ സംഘർഷം ലഘൂകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി വടക്കാഞ്ചേരിയിലെ വാഴാനി ഉൾപ്പെടെയുള്ള പ്രദേശങ്ങൾ കൂടി ഉൾപ്പെടുത്തി ആർ.കെ.വി.വൈ (രാഷ്ട്രീയ കൃഷി വികാസ് യോജന) പദ്ധതി പ്രകാരം തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലിന്റെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ? | (എ) | മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി വടക്കാഞ്ചേരിനിയോജകമണ്ഡലത്തിലെ വാഴാനി ഉൾപ്പെടെയുള്ള പ്രദേശങ്ങൾ കൂടി ഉൾപ്പെടുത്തി Rashtriya Krishi Vikas Yojana (RKVY) പദ്ധതി പ്രകാരം വിവിധ വനാതിർത്തികളിലായി സൗരോർജ്ജ വേലി സ്ഥാപിക്കുന്നതിന് ഒരു പ്രൊപ്പോസൽ അംഗീകരിക്കുകയുണ്ടായി.<br><br>ടി പ്രൊപ്പോസൽ പ്രകാരം വടക്കാഞ്ചേരി റെയിഞ്ചിൽ പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷൻ മുതൽ കാഞ്ഞിരക്കോട് കൊടുമ്പ് റോഡ് വരെ 4 കി.മീ സോളാർ ഫെൻസിംഗ് ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും, ഏലിയാട്ടുകുളം മുതൽ ആര്യംകോട്ടുകര വരെ 3 കി.മീ സോളാർ ഫെൻസിംഗ് ചെയ്യുന്ന പ്രവൃത്തിയും പെരിക്കുന്ന് നഗറിൽ 3 കി.മീ സോളാർ ഫെൻസിംഗ് ചെയ്യുന്ന പ്രവൃത്തിയും കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്.<br><br>പട്ടിക്കാട് റെയിഞ്ചിൽ മെല്ലിലം മുതൽ നിന്നുകുഴി വരെ 8.44 കി.മീ. ദൂരത്തിൽ സോളാർ ഫെൻസിംഗ് ചെയ്യുന്ന പ്രവൃത്തിക്കും, മച്ചാട് റെയിഞ്ചിൽ ചെക്കിലക്കോട് മുതൽ പട്ടാണിക്കാട് വരെ 5.67 കി.മീ, വലിയതോട് മുതൽ കരുമത്തറ വരെ 3 കി.മീ., തിരുമണി നഗർ മുതൽ കാളിയാർ റോഡ് വരെയും കാളിയാർ റോഡ് മുതൽ മംങ്കാട് വരെയും, മംങ്കാട് മുതൽ മണ്ണാത്തിപ്പാറ വരെയും 29.55 കി.മീ., എടപ്പാറ നഗർ മുതൽ തായംകാട് നായാടി നഗർ വരെ 3.09 കി.മീ എന്നീ സോളാർ ഫെൻസിംഗ് ചെയ്യുന്ന പ്രവർത്തികളുടെ വർക്ക് ഓർഡർ നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ